LIBRARY ARCHIVES Kerala Legislative Assembly

## കിളിമാന്നൂരിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

71 (4062) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റേതായി ഒരു കോളേജ് പോലുമില്ലാത്ത കിളിമാന്നൂർ കേന്ദ്രീകരിച്ച് ആർട്സ് & സയൻസ്/മാനേജ്മെന്റ്/സാങ്കേതിക കോഴ്സുകൾക്കായുള്ള ഏതെങ്കിലും സ്ഥാപനം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു അനുബന്ധ കേന്ദ്രം കിളിമാന്നൂരിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി സ്വീകരിയ്ക്കാമോ;വ്യക്തമാക്കാമോ;

(സി) ബാങ്കുകളുമായി സഹകരിച്ച് സഹകരണ മാനേജ്മെന്റ് വിഷയങ്ങൾക്കായുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) അപ്രകാരം പ്രവർത്തന മികവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശം ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ അഴിമതി അവസാനിപ്പിക്കുവാൻ നടപടി

72 (4063) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നടന്നുവരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) അഴിമതി, മറ്റു ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്ന സംഘം ഭാരവാഹികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ;

(സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്കും താലൂക്ക്-ജില്ലാതല അധികാരികൾക്കും ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാനും സംഘം ഫണ്ട് അനാവശ്യമായി അനുമതിയില്ലാതെ ചെലവഴിക്കുന്നവർക്കെതിരെ സഹകരണ നിയമത്തിലെ സർച്ചാർജ് ഉൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക നിർദ്ദേശം നൽകുമോ?